എനിക്ക് നിങ്ങൾക്കായുള്ള ആശംസയും പ്രാർഥനയും. നമ്മുടെ അതിരൂപതയെയും അതിലെ വിവിധ സമൂഹങ്ങളെയും സംവിധാനങ്ങളെയും നമ്മുടെതന്നെ ശക്തിയുടെയും ബുദ്ധിയുടെയും കഴിവുകളുടെയും ബാബേൽ ഗോപുരങ്ങളായി പണിതുയർത്താൻ ശ്രമിക്കാതെ സമാധാന രാജാവായ യേശു വസിക്കുന്ന പുൽക്കൂടുകളായി രൂപാന്തരപ്പെടുത്തുവാൻ നമുക്കു നിശ്ചയിച്ചുറയ്ക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ,

വെള്ളയമ്പലം **സൂസപാക്യം എം.**

22.11.2019 തിരു.മെത്രാപ്പോലീത്ത

***NB: ഈ ഇടയലേഖനം 2019 ഡിസംബർ മാസം 1-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.***

*Printed by Latin Archdiocese of Trivandrum at Jeeva Jyothi Offset Press, Tvm. Ph:0471-2311620*

**തിരുവനന്തപുരം അതിരൂപത ഗസറ്റ്**

No. 0017/2019/PL Dated: 22-11-2019

# ആഗമനകാലം- 2019

ദൈവത്തിനു സ്തുതി! ദൈവജനത്തിന് സമാധാനം!

വന്ദ്യ വൈദികരേ, പ്രിയമക്കളേ,

ഇന്ന് ആഗമനകാലം ഒന്നാം ഞായറാഴ്ചയാണ്. ക്രിസ്തുമസ് ആഘോഷങ്ങൾക്ക് ഒരുങ്ങുകയും പുതിയൊരു ആരാധനാവർഷത്തിന് തുടക്കംകുറിക്കുകയും ചെയ്യുന്ന ദിവസമാണിന്ന്. നമ്മുടെ അതിരൂപതയാകുന്ന പ്രാദേശിക സഭയെ സംബന്ധിച്ചും ഇത് പുതിയൊരു തുടക്കമായിരിക്കട്ടെ.

ക്രിസ്തുവിന്റെ മനുഷ്യാവതാരത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ മനസ്സിൽ നിറയുന്ന തിരുവചനമിതാണ്: "എന്തെന്നാൽ തന്നിൽ വിശ്വസിക്കുന്ന ഏവനും (ഒരുവൻ പോലും) നശിച്ചുപോകാതെ (എല്ലാവരും) നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏക ജാതനെ നല്കാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ. 3:16). അതായത് നമ്മുടെ അതിരൂപതയെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ അടങ്ങാത്ത ആഗ്രഹമിതാണ്: രണ്ടര ലക്ഷത്തിലേറെ അംഗങ്ങളുള്ള ഈ അതിരൂപതയിലെ ഒരുവൻപോലും നശിച്ചുപോകാൻ പാടില്ല. എല്ലാവരും നിത്യജീവൻ പ്രാപിക്കണം. അതിനുവേണ്ടിയാണ് ദൈവം തന്റെ ഏകജാതനെ നമുക്കു നല്കിയത്. യേശു മനുഷ്യ

നായി അവതരിച്ചത് തന്റെ മാതൃകയിലൂടെ രക്ഷയുടെ മാർഗ്ഗം നമുക്കു കാണിച്ചുതരുവാനാണ്. ആരെയും അവഗണിക്കാതെ ജീവൻപോലും പരിത്യജിച്ചുകൊണ്ട് എല്ലാവരെയും പരിഗണിക്കുന്ന രക്ഷയുടെ മാർഗ്ഗമാണ് യേശു തന്റെ മാതൃകയിലൂടെ നമുക്കു കാണിച്ചുതരുന്നത്.

നാമാകട്ടെ ചുറ്റുമുള്ളവരെ കൊള്ളാവുന്നവരെന്നും കൊള്ളരുതാത്തവരെന്നും തരം തിരിക്കുകയും കൊള്ളാവുന്നവരെ ഉൾക്കൊള്ളുകയും അഥവാ പരിഗണിക്കുകയും കൊള്ളരുതാത്തവരെ തിരസ്ക്കരിക്കുകയും അഥവാ അവഗണിക്കുകയും ചെയ്യുന്ന ഒരു മനോഭാവമാണ് പൊതുവേ വച്ചുപുലർത്തുന്നത്. എന്നാൽ, ദൈവത്തിന്റെ മുമ്പിൽ ആരും അന്യരല്ല; എല്ലാവരും വേണ്ടപ്പെട്ടവരാണ്; അവിടുത്തെ സ്വന്തം ജനമാണ്. "അവൻ സ്വജനത്തിന്റെ അടുത്തേക്കുവന്നു എന്നാൽ അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം ദൈവമക്കളാകാൻ അവൻ കഴിവുനല്കി" (യോഹ 1:12). ഇതാണ് മനുഷ്യാവതാര രഹസ്യം.

പഴയനിയമത്തിലും പുതിയ നിയമത്തിലും ദൈവം നമുക്കു നല്കുന്ന രക്ഷയുടെ സന്ദേശവും ആഹ്വാനവും അവഗണനയുടേതല്ല പരിഗണനയുടേതാണ്. ഞാനും നിങ്ങളും ഏതുതരക്കാരായിരുന്നാലും ദൈവത്തിനു വേണ്ടപ്പെട്ടവരാണ്. ഏറ്റവും നിസ്സാരരായവരെപ്പോലും പരിഗണിച്ചുകൊണ്ട് ദൈവം ഏശയ്യാ പ്രവാചകൻവഴി നമ്മോടു പറയുന്നതിതാണ്: "നീ എനിക്കു വിലപ്പെട്ടവനും ബഹുമാന്യനും പ്രിയങ്കരനും ആയതുകൊണ്ട്...... ഭയപ്പെ



ലക്ഷക്കണക്കിന് അംഗങ്ങളുള്ള നമ്മുടെ അതിരൂപതയിലെ ഒരുവൻപോലും നശിച്ചുപോകാതെ എല്ലാവരും നിത്യജീവൻ പ്രാപിക്കണമെന്നതാണ് ദൈവത്തിന്റെ തിരുവിഷ്ടം. വിശ്വസിക്കുന്നുവെന്ന് പറയുന്ന ആരെങ്കിലും നാശത്തിന്റെ പാതയിലൂടെ ചരിക്കുന്നുവെങ്കിൽ അതിനു പ്രധാനകാരണം അവഗണനയാണ്. ഒന്നുകിൽ തങ്ങൾ എല്ലാം തികഞ്ഞവരാണ് എന്ന മിഥ്യാബോധത്തോടെ അവർ ദൈവത്തെയും സഹോദരങ്ങളെയും അവഗണിക്കുന്നു. അതല്ലെങ്കിൽ ദൈവംപോലും തങ്ങളെ അവഗണിക്കുന്നു എന്ന തെറ്റിദ്ധാരണയോടെ അവർ ദൈവത്തിൽ നിന്നും അകലുന്നു. ദൈവം ആരെയും അവഗണിക്കുന്നവനല്ല, എല്ലാവരെയും പ്രത്യേകിച്ച് അവശരെയും ആലംബഹീനരെയും പരിഗണിക്കുന്നവനാണ് എന്ന അവബോധം വളർത്തിയെടുക്കുകയും ദൈവത്തെ അനുകരിക്കുകയുമാണ് ഇതിനു പ്രതിവിധി.

ഈ പശ്ചാത്തലത്തിൽ ക്രിസ്തുമസിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പൗലോസ് അപ്പസ്തോലനോടൊപ്പം ഞാനും നിങ്ങളെ ഇപ്രകാരം ആഹ്വാനം ചെയ്യാൻ ആഗ്രഹിക്കുന്നു: "സഹോദരരേ, മാത്സര്യമോ വ്യർഥാഭിമാനമോ മൂലം നിങ്ങൾ ഒന്നും ചെയ്യരുത്. മറിച്ച് ഓരോരുത്തരും താഴ്മയോടെ മറ്റുള്ളവരെ തങ്ങളെക്കാൾ ശ്രേഷ്ഠരായി കരുതണം. ഓരോരുത്തരും സ്വന്തം താല്പര്യംമാത്രം നോക്കിയാൽ പോരാ. മറിച്ച്, മറ്റുള്ളവരുടെ താല്പര്യവും പരിഗണി ക്കണം. യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങൾക്കും ഉണ്ടാകട്ടെ" (ഫിലി. 2:3-5). ഇതാണ് ഈ ആഗമനകാലത്ത്

മനുഷ്യാവതാര രഹസ്യത്തിന്റെ അന്തഃസത്തയായ ഈ എളിമയുടെയും ശൂന്യവല്ക്കരണത്തിന്റെയും മനോഭാവം കൂടാതെ സ്വജനങ്ങളുടെ അടുത്തേക്കുവരുന്ന, എളിയവരിൽ വസിക്കുന്ന യേശുവിനെ സ്വീകരിക്കുവാനോ അതുവഴി ദൈവമക്കളായി രൂപാന്തരപ്പെടുവാനോ നമുക്കു സാധിക്കുകയില്ല. ഈ പശ്ചാത്തലത്തിൽ നമ്മുടെ അതിരൂപതയുടെയും അതിലെ വിവിധ സമൂഹങ്ങളുടെയും സംവിധാനങ്ങളുടെയും മുന്നോട്ടുള്ള പോക്കിനെക്കുറിച്ച് കുറെയേറെ ഗൗരവത്തോടു കൂടിത്തന്നെ നമുക്ക് ആത്മപരിശോധന ചെയ്യേണ്ടിയിരിക്കുന്നു. അതിരൂപതയിലെ രണ്ടരലക്ഷത്തിലേറെ അംഗങ്ങളും ദൈവമക്കളെന്ന നിലയിൽ ശിശുവായി അവതരിച്ച യേശുവിന്റെ മനോഭാവം ഉൾക്കൊണ്ടുകൊണ്ട് ആരെയും അവഗണിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്യാതെ എല്ലാവരെയും പരസ്പരം ഉൾക്കൊള്ളുകയും പരിഗണിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരായിരുന്നുവെങ്കിലോ എന്ന് ഞാൻ ആശിച്ചുപോകുന്നു. ഇതിനുപകരം പലപ്പോഴും സാധാരണ വിശ്വാസികളെക്കുറിച്ചു മാത്രമല്ല സഭാശുശ്രൂഷകരായ ഞങ്ങളെക്കുറിച്ചും ആക്ഷേപങ്ങളാണ് കേൾക്കേണ്ടിവരിക. സഭാനിയമങ്ങളെയും നിർദ്ദേശങ്ങളേയും അവഗണിച്ചുകൊണ്ട് അധികാര പ്രയോഗത്തിലൂടെയും അടിച്ചമർത്തലുകളിലൂടെയും സമ്മർദ്ദങ്ങളിലൂടെയും ഭീഷണികളിലൂടെയും ബലപ്രയോഗത്തിലൂടെയും സഭാസമൂഹത്തിനുള്ളിൽ എന്തുവേണമെങ്കിലും ചെയ്യാനും നേടിയെടുക്കാനും സാധിക്കും എന്ന ഒരു മനോഭാവം, വികലമായ ഒരു സംസ്ക്കാരം ഒന്നിനൊന്ന് വളർന്നുവരുന്നത് വേദനയോടുകൂടി മാത്രമേ നോക്കിക്കാണുവാൻ സാധിക്കുകയുള്ളൂ.



ടേണ്ട, ഞാൻ നിന്നോടു കൂടെയുണ്ട്" (ഏശ. 43:4). ഒരു ഘട്ടത്തിൽ ദൈവം തങ്ങളെ അവഗണിച്ചു വെന്നും ഉപേക്ഷിച്ചുവെന്നും ദൈവജനത്തിനു തോന്നിയപ്പോൾ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ദൈവം അവരോടു പറഞ്ഞ പരിഗണനയുടെ വാക്കുകളിവയാണ്: "മുലകുടിക്കുന്ന കുഞ്ഞിനെ അമ്മയ്ക്ക് മറക്കാനാവുമോ! പുത്രനോട് പെറ്റമ്മ കരുണ കാണിക്കാതിരിക്കുമോ? അവൾ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല. ഇതാ നിന്നെ ഞാൻ എന്റെ ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു" (ഏശ. 49:15-16).

പുതിയ നിയമത്തിലും സമൂഹം അവഗണിച്ചിരുന്ന ഏറ്റവും നിസ്സാരരായവരെപ്പോലും പരിഗണിക്കുകയും വിലമതിക്കുകയും ചെയ്യുന്ന രക്ഷയുടെ മാർഗ്ഗമാണ് യേശു തന്റെ ജീവിതത്തിലൂടെ നമുക്കു കാണിച്ചുതരുന്നത്. എളിയവരിൽ എളിയവനായി ഒരു പുൽക്കൂട്ടിലാണല്ലോ യേശു ജനിച്ചത്. എളിയവരിലാണ് തന്റെ സാന്നിദ്ധ്യമെന്നും അവരിലാണ് തന്നെ കണ്ടെത്തേണ്ടതെന്നും പഠിപ്പിച്ചുകൊണ്ട് യേശു പറഞ്ഞതിതാണ്: "എന്റെ ഏറ്റവും എളിയ ഈ സഹോദരരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ. 25:40).

- സുവിശേഷത്തിലെ വിധവയുടെ ചെമ്പുതുട്ടിന്റെ കാര്യം നമുക്കറിയാം. ദേവാലയാങ്കണത്തിലെ നേർച്ചപ്പെട്ടികളിൽ സമ്പന്നർ വലിയ വലിയ തുട്ടുകൾ നിക്ഷേപിക്കുന്നുണ്ടായിരുന്നു. എന്നാൽ, യേശു പരിഗണിച്ചതും പരസ്യമായി പ്രശംസിച്ചതും പാവപ്പെട്ട വിധവ രഹസ്യമായി നിക്ഷേപിച്ച

ചില്ലിക്കാശിനെയാണ്. കാരണം, അത് അവൾ മിച്ചംപിടിച്ച തിന്റെ ഒരു അംശമായിരുന്നില്ല, അവളുടെ സമ്പാദ്യം മുഴുവനുമായിരുന്നു (മാർക്ക്. 12:44).

– ജനക്കൂട്ടത്തിൽ പ്രഗത്ഭരും പ്രശസ്തരുമായ ധാരാളം വ്യക്തികൾ ഉണ്ടായിരുന്നു. എന്നാൽ, അവർക്കാർക്കും ലഭിക്കാത്ത പരിഗണനയാണ് വൈദ്യന്മാർപോലും ദീർഘകാലം അവഗണിച്ചിട്ടും വിശ്വാസത്തോടെ യേശുവിനെ സമീപിച്ച രക്തസ്രാവക്കാരിയായ സ്ത്രീയ്ക്ക് ലഭിച്ചത്. സ്നേഹത്തോടെ യേശു അവളോടു പറഞ്ഞു:"മകളേ, ധൈര്യമായിരിക്കുക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (മത്താ. 9:22).

– സുവിശേഷത്തിൽ യേശു ദൈവാലയത്തിൽ പ്രാർഥിക്കുന്ന ഒരു ഫരിസേയനെയും ചുങ്കക്കാരനെയും എടുത്തുകാണിക്കുന്നുണ്ട്. ഫരിസേയനാകട്ടെ, ചുങ്കക്കാരനെ അവഗണിക്കുകയും പുച്ഛമനോഭാവത്തോടെ വീക്ഷിക്കുകയും ചെയ്തുകൊണ്ട് താനാണ് ദൈവതിരുമുമ്പിൽ മെച്ചപ്പെട്ടവനെന്ന് അവകാശപ്പെടുന്നു. അവന്റെ വീരവാദങ്ങളെ അവഗണിച്ചുകൊണ്ട് യേശു പരിഗണിക്കുന്നത് ചുങ്കക്കാരന്റെ എളിയ മനോഭാവത്തെയാണ്. "ഇവൻ ഈ ഫരിസേയനെക്കാൾ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി" (ലൂക്ക. 18:14).

– അഹങ്കാരികളായ യഹൂദർ വിജാതീയരെ പലപ്പോഴും നായ്ക്കൾക്കു തുല്യരായി കരുതുകയും പരിഹസിക്കുകയും ചെയ്തിരുന്നു. ഇതിന് ഒരു അറുതി വരുത്താൻ ആഗ്രഹിച്ച യേശു തന്റെ സഹായമഭ്യർത്ഥിച്ചു വന്ന കാനാൻകാരി സ്ത്രീയെ നോക്കി പറഞ്ഞു: "മക്കളുടെ അപ്പമെടുത്ത്



നായ്ക്കൾക്ക് ഇട്ടുകൊടുക്കുന്നത് ഉചിതമല്ല" (മത്താ. 15:26). നായ്ക്കളും യജമാനന്മാരുടെ തീൻമേശയിൽ നിന്നു വീഴുന്ന അപ്പക്കഷ്ണങ്ങൾ ഭക്ഷിക്കാറുണ്ടല്ലോ എന്ന അവളുടെ എളിയ മറുപടികേട്ട യേശു അവളുടെ വിശ്വാസം യഹൂദരുടെ വിശ്വാസത്തെക്കാളും വലുതാണെന്നുപറഞ്ഞ് അവളെ പ്രശംസിക്കുന്നു.

– ഇങ്ങനെ സുവിശേഷത്തിലുടനീളം യേശു നമുക്കു നല്കുന്ന രക്ഷയുടെ സന്ദേശമിതാണ്: "തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (ലൂക്ക. 18:14). തന്റെ ശിഷ്യന്മാർക്കുണ്ടായിരിക്കേണ്ട ഈ മനോഭാവം നമ്മെ പഠിപ്പിക്കുവാനും സ്വന്തം മാതൃകയിലൂടെ അത് നമുക്കു കാണിച്ചു തരുവാനുമായിട്ടാണ് യേശു മനുഷ്യനായി അവതരിച്ചത്. പൗലോസ് അപ്പസ്തോലൻ നമുക്കു നല്കുന്ന ഏറ്റവും വലിയ ആഹ്വാനവും ഇതുതന്നെയാണ്: "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ" (ഫിലി. 2:5). ഈ മനോഭാവം ഒന്നുകൂടി വ്യക്ത മാക്കിക്കൊണ്ട് വി. പൗലോസ് നമ്മെ ഓർമ്മിപ്പിക്കുന്നതിതാണ്: "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിറുത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണംവരെ–അതേ കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. ആകയാൽ, ദൈവം അവനെ അത്യധികം ഉയർത്തി" (ഫിലി. 2:6–9).